നമ്പർ : ICPS 2/7701/2016

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 01/06/2016

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസചെലവുകൾ സംബന്ധിച്ച്.

പരാമർശം :

ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾ മെയിൻറനൻസ്, ദൈനംദിന ചെലവുകൾ തുടങ്ങിയ കമ്പോണൻറുകളിൽ നിന്ന് വകമാറ്റി ചെലവഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു ശരിയായ നടപടിയല്ല. വിദ്യാഭ്യാസച്ചെലവുകൾക്കുള്ള തുക ഐ.സി.പി.എസ്-ൻെറ സംസ്ഥാന ഫണ്ടിൽ നിന്നാണ് വഹിക്കേണ്ടത്. ആയതിനാൽ സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസചെലവുകൾക്കുള്ള തുക കമ്പോണൻറ് മാറി വിനിയോഗിക്കാതെ ആയത് സംസ്ഥാന ഫണ്ടിൽ നിന്നും അവുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നേരത്തേ തന്നെ സ്ഥാപന സൂപ്രണ്ടുമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ സംബന്ധിച്ച പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ലഭിയ്ക്കുന്ന ബില്ലിൻേറയോ വൗച്ചറിൻേറയോ പകർപ്പുകൾ പ്രൊപ്പോസലിനോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്.
2. ഒന്നിൽ കൂടുതൽ ബില്ലുകൾ/വൗച്ചറുകൾ ഉണ്ടെങ്കിൽ ആയതിൻെറ സ്റ്റേറ്റ്മെൻറ് തയ്യാറാക്കി സൂപ്രണ്ട് സാക്ഷിപ്പെടുത്തി ആയത് കൂടി പ്രൊപ്പോസലിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. വിദ്യാഭ്യാസചെലവുകൾ സംബന്ധിക്കുന്ന ബില്ലുകൾ/വൗച്ചറുകൾ പ്രകാരം അനുവദിയ്ക്കാവുന്ന തുക പാസ്സാക്കി ബില്ലിൽ/വൗച്ചറുകളിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി സ്ഥാപന സൂപ്രണ്ട് സാക്ഷിപ്പെടുത്തേണ്ടതാണ്.
4. വിദ്യാഭ്യാസ ചെലവ് സംബന്ധിച്ച തുക വഹിച്ചതാണെങ്കിൽ പെയിഡ് സർട്ടിഫിക്കേറ്റ് തയ്യാറാക്കി സൂപ്രണ്ട് ഒപ്പിടേണ്ടതാണ്.
5. കുട്ടിയുടെ പേരു വിവരം ബില്ലിൽ/വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കണം.
6. കുട്ടി സ്ഥാപനത്തിലെ താമസക്കാരൻ/താമസകാരി ആണെന്ന് ബില്ലിൽ രേഖപ്പെടുത്തി സൂപ്രണ്ട് സാക്ഷിപ്പെടുത്തണം.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

1. ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും
2. സ്റ്റോക്ക് ഫയൽ